(എഫ്) കഴിഞ്ഞ നാലര വർഷത്തിനിടയിൽ സംസ്ഥാനത്തിന് എ.എ.വൈ./അന്നപൂർണ്ണ പദ്ധതി പ്രകാരം അനുവദിച്ച അളവ് ഭക്ഷ്യധാന്യങ്ങൾ ഏതാണ്ട് പൂർണ്ണമായും തന്നെ സംസ്ഥാനം വിട്ടെടുത്തിട്ടുണ്ട്. വിട്ടെടുക്കലിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

	AAY Rice			*Annapurna Rice*		
Year	*Allot*	*Lift*	*% of lifting*	*Allot*	*Lift*	*% of lifting*
2006-07	244473	247116	101.08	3715.55	3408.7	91.74
2007-08	250260	250260	100	4950	4949.4	99.99
2008-09	250260	250260	100	5400	5400	100
2009-10	250260	250260	100	5400	5400	100
2010-11*	125130	125130	100	2700	2700	100

*2010 സെപ്റ്റംബർവരെ.

അന്നപൂർണ്ണ ഗുണഭോക്താക്കളുടെ എണ്ണം ഗുണഭോക്താക്കളുടെ മരണംമൂലം കുറഞ്ഞു കൊണ്ടിരിക്കുന്നത് യഥാസമയം നികത്താൻ പ്രാദേശിക ഭരണകൂടങ്ങളിൽ നിന്ന് ലിസ്റ്റ് ലഭിക്കാത്തതിനാൽ കഴിഞ്ഞിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് പ്രകാരമേ എ.എ.വൈ/ അന്നപൂരണ്ണ ഗുണഭോക്താക്കളെ നിശ്ചയിക്കാൻ സാധിക്കുമായിരുന്നുള്ളു. എന്നിരുന്നാലും കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിൽ സംസ്ഥാനം വീഴ്ച വരുത്തിയിട്ടില്ല.

റേഷൻ കടകളും മാവേലി സ്റ്റോറുകളും

92 (158) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2 രൂപയ്ക്ക് റേഷൻ അരി വാങ്ങിക്കുന്ന ഗുണഭോക്താക്കളുടെ വിഭാഗം, ജില്ല എന്നിവ തിരിച്ച് എണ്ണം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന റേഷൻകടകളുടേയും മാവേലി സ്റ്റോറുകളുടെയും എണ്ണം ജില്ലയും താലൂക്കും തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ പുതുതായി അനുവദിച്ച റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും എണ്ണം ജില്ലയും താലൂക്കും തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(ഡി) വയനാട് ജില്ലയിൽ എവിടെയെല്ലാം പുതുതായി മാവേലി സ്റ്റോർ റേഷൻ കടകൾ തുടങ്ങുന്നതിനായി നിർദ്ദേശങ്ങൾ വന്നിട്ടുള്ളതെന്നും ആയതിൽ വകുപ്പ് കൈക്കൊണ്ട നടപടിയും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മീനങ്ങാടി പഞ്ചായത്തിലെ സുതിക്കവലയിൽ റേഷൻകടക്കായി അപേക്ഷ ലഭിച്ചിട്ട് എത്ര നാളായെന്നും എപ്പോൾ തുടങ്ങുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ട് രൂപയ്ക്ക് അരി വാങ്ങുന്ന ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിശദ വിവരം അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്നതും പുതുതായി അനുവദിച്ചതുമായ റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും ജില്ലയും താലൂക്കും തിരിച്ചുള്ള ലിസ്റ്റ് യഥാക്രമം അനുബന്ധം-2(എ), അനുബന്ധം-2(ബി) ആയി ചേർക്കുന്നു.*

(ഡി) വയനാട് ജില്ലയിൽ റേഷൻ കടകൾ തുടങ്ങുന്നതിനായി വൈത്തിരി താലൂക്കിൽ നിന്നും എരുമക്കൊല്ലി, കടച്ചിക്കുന്ന്, മാണിക്കുനി, കുറുമ്പാല, ചെന്നലോട്, മേപ്പാടി എന്നീ സ്ഥലങ്ങളിൽ നിന്നും, സുൽത്താൻ ബത്തേരി താലൂക്കിൽ കാക്കവയൽ, പഴുപ്പത്തൂർ, നെല്ലിക്കര, മാതമംഗലം, ചിങ്ങോട്, ഒന്നേയാർ, വേപ്പരിക്കുന്ന്, മന്നിച്ചിറ, വടുവഞ്ചാൽ എന്നീ സ്ഥലങ്ങളിൽ നിന്നും മാനന്തവാടി താലൂക്കിൽ ബാവലി, ഉദയഗിരി, വെള്ളമുണ്ട, കെല്ലൂർ എന്നീ സ്ഥലങ്ങളിൽ നിന്നും പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനായി നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. ഇവയിൽ കാക്കവയൽ, മണിച്ചിറ, മേപ്പേരിക്കുന്ന്, നൂൽപ്പുഴ, മാതമംഗലം എന്നീ സ്ഥലങ്ങളിൽ റേഷൻകട അനുവദിച്ചുത്തരവായിട്ടുണ്ട്. നെല്ലിക്കര, മണിവയൽ, മേപ്പേരിക്കുന്ന്, മാതമംഗലം, കാക്കവയൽ, സുതിക്കവല എന്നീ സ്ഥലങ്ങളിൽ റേഷൻ കട അനുവദിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് മാവേലിസ്റ്റോർ തുടങ്ങുന്നതിനായി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളത്.

1. മുട്ടിൽ : മാവേലിസ്റ്റോർ തുടങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

2. കോട്ടത്തറ, വെണ്ണിയോട് : സാദ്ധ്യതാ പഠനത്തിന് ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അറിയിച്ചിട്ടില്ല.

3. ചുള്ളിയോട്, ഇരുളം : സാദ്ധ്യതാ പഠനത്തിന് ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അറിയിച്ചിട്ടില്ല.

4. നടവയൽ, മൂലങ്കാവ് : സപ്ലൈകോയുടെ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുവാൻ നിർവ്വാഹമില്ല. നടവയലിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മൊബൈൽ മാവേലി സ്റ്റോറിന് ഒരു പോയിന്റ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

5. കാട്ടിക്കുളം, അമ്പുകുത്തിമല : സാദ്ധ്യതാ പഠനത്തിന് ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അറിയിച്ചിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മീനങ്ങാടി പഞ്ചായത്തിലെ സുതിക്കവലയിൽ റേഷൻ കട തുടങ്ങാൻ വിജ്ഞാപനം പുറപ്പെടുവിച്ചതിൻപ്രകാരം 26-5-2010-ൽ ലഭിച്ച അപേക്ഷകളിൽ താലൂക്ക് സപ്ലൈ ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് ജില്ലാ സപ്ലൈ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. റേഷൻകട നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസിലെ അന്തിമ വിധിക്ക് വിധേയമായി ഈ റേഷൻ കടയുടെ നിയമനം നടത്തുന്നതായിരിക്കും.

രണ്ട് രൂപയ്ക്ക് അരി

93 (159) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലയിൽ പണിയെടുത്തിട്ടുള്ളവർക്ക് ക്ഷേമനിധി വഴി നൽകിയിട്ടുള്ള ലിസ്റ്റ് പ്രകാരം രണ്ട് രൂപയ്ക്ക് അരി വിതരണം റേഷൻ കട വഴി നൽകുമെന്ന തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞുവോ ; വിശദമാക്കുമോ ;

(ബി) താലൂക്ക് സപ്ലൈ ഓഫീസിൽ ക്ഷേമനിധിയിൽ നിന്ന് കൊടുത്തിട്ടുള്ള ലിസ്റ്റുകൾ റേഷൻ കടകൾക്ക് കൈമാറിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ക്ഷേമനിധിയിൽ അംഗമല്ലാത്തതും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ ദരിദ്രർക്ക് രണ്ട് രൂപയ്ക്ക് അരി ലഭ്യമാക്കുന്നതിന് ഏതെങ്കിലും സംവിധാനം പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലയിലെ അർഹരായ ഗുണഭോക്താക്കൾക്ക് അതത് ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി 1-6-2010 മുതൽ നടപ്പിലാക്കി വരുന്നു.

(ബി) ലിസ്റ്റുകൾ പരിശോധിച്ച് അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അതാത് റേഷൻ കടകൾക്ക് നല്കിയിട്ടുണ്ട്.

(സി) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും രണ്ടു രൂപാ നിരക്കിൽ അരി വിതരണം ചെയ്തുവരുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ക്ഷേമനിധിയിൽ അംഗമല്ലാത്ത തൊഴിലാളി കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ക്ഷേമനിധിയിൽ അംഗമല്ലാത്ത മറ്റ് അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് തൊഴിൽ വകുപ്പിൽ നിന്നും ലഭ്യമാക്കി 2 രൂപ അരിയുടെ ആനുകൂല്യം നല്കാനുള്ള സംവിധാനമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly